

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം- പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമ പഞ്ചായത്തിലെ മുൻ ക്ലാർക്കും നിലവിൽ ആറൻമുള ഗ്രാമപഞ്ചായത്തിലെ ക്ലാർക്കുമായ ശ്രീമതി മിനി ഡാനിയേലിന് അനുവദിച്ച ശൂന്യവേതനാവധിയുടെ അനുഭവിക്കാത്ത ഭാഗം റദ്ദാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ(സാധാ)നം.1808 /2018/തസ്വഭവ  തീയതി.തിരുവനന്തപുരം. 02/07/2018

==========================================================================

പരാമർശം: 1. സ.ഉ(സാധാ) നം. 3556/2007/തസ്വഭവ, തീയതി 31.12.2007.

2. സ.ഉ(സാധാ) നം. 3587/2012/തസ്വഭവ, തീയതി 26.12.2012

3. ശ്രീമതി മിനി ഡാനിയേൽ 28.12.2017 ൽ സമർപ്പിച്ച അപേക്ഷ.

4. പഞ്ചായത്ത് ഡയറക്ടറുടെ 29.05.2018 ലെ ഇ 6-15366/18 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമ പഞ്ചായത്തിലെ മുൻ ക്ലാർക്കും നിലവിൽ ആറൻമുള ഗ്രാമപഞ്ചായത്തിലെ ക്ലാർക്കുമായ ശ്രീമതി. മിനി ഡാനിയേലിന് പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം കെ.എസ്.ആർ പാർട്ട് I, അനുബന്ധം XII C പ്രകാരം ഉത്തരവ് തീയതിക്ക് ശേഷം അവധിയിൽ പ്രവേശിക്കുന്ന തീയതി മുതൽ 5 വർഷത്തേക്ക് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായിരുന്നു. ടിയാൾ 31.03.2008 ൽ ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം 01.04.2013 മുതൽ 5 വർഷത്തേക്ക് ദീർഘിപ്പിച്ച് നൽകുകയും ചെയ്തു. അവധിക്കാലയളവ് തീരുന്നതിന് മുമ്പ് 23.09.2017 ൽ ജോലിയിൽ പുന:പ്രവേശിയ്ക്കുകയും ചെയ്തു. ആയതിനാൽ ടിയാൾക്ക് അനുവദിച്ച ശൂന്യവേതനാവധിക്കാലയളവിൽ ടിയാൾ വിനിയോഗിക്കാത്ത 23.09.2017 മുതലുള്ള ശൂന്യവേതനാവധി കാലയളവ് റദ്ദ് ചെയ്യുന്നതിന് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ ശിപാർശ ചെയ്ത് പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു.

2.സർക്കാർ ഇക്കാര്യം പരിശോധിച്ചു. പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമ പഞ്ചായത്തിലെ മുൻ ക്ലാർക്കും നിലവിൽ ആറൻമുള ഗ്രാമപഞ്ചായത്തിലെ ക്ലാർക്കുമായ ശ്രീമതി മിനി ഡാനിയേലിന് പരാമർശം (2) പ്രകാരം അനുവദിച്ച ശൂന്യവേതനാവധിയുടെ അനുഭവിയ്ക്കാത്ത 23.09.2017 മുതൽ 31.03.2018 വരെയുള്ള കാലയളവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുകുമാരൻ.എൻ**

**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട(പഞ്ചായത്ത് ഡയറക്ടർ മുഖേന)

സെക്രട്ടറി, ആറൻമുള ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട(പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, ഓമല്ലൂർ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട(പഞ്ചായത്ത് ഡയറക്ടർ മുഖേന).

ശ്രീമതി. മിനി ഡാനിയേൽ, ക്ലാർക്ക്, ആറൻമുള ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട(പഞ്ചായത്ത് ഡയറക്ടർ മുഖേന).

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

ഡയറക്ടർ. ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(158/ഇപിഎ 1/18/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ